താൽപ്പര്യപത്രം (EXPRESSION OF INTEREST)

സാമൂഹ്യനീതി വകുപ്പ്, കേരള സർക്കാർ

കേരളത്തിൽ കുട്ടികൾക്കായുള്ള ഡി-അഡിക്ഷൻ സെന്ററുകൾ (3 എണ്ണം) ആരംഭിക്കുന്നതിന് എൻ ജി ഒ സ്ഥാപനങ്ങൾ/സർക്കാർ ആശുപത്രി/സർക്കാർ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും താൽപ്പര്യപത്രം ക്ഷണിയ്ക്കുന്നു.

1. ആമുഖവും പശ്ചാത്തലവും

- കേരളത്തിലെ കുട്ടികളിലും യുവാക്കളിലും വർദ്ധിച്ചുവരുന്ന ലഹരിമരുന്ന് ഉപയോഗവും അതുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളും തടയുന്നതിനും, ലഹരി ഉപയോഗത്തിൽ നിന്ന് കുട്ടികളെയും യുവാക്കളെയും മോചിപ്പിക്കുന്നതിനും സാമൂഹ്യനീതി വകുപ്പ് മുൻകൈയെടുക്കുന്നു.
- 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിൽ മയക്കുമരുന്നിന്റെ ഉപയോഗം കുറയ്ക്കുന്നതിനുള്ള ദേശീയ കർമ്മ പദ്ധതി-മോണിറ്ററിംഗ് ആൻഡ് ഇവാലുവേഷൻ എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ഫണ്ട് വിനിയോഗിച്ച് കുട്ടികൾക്കായുള്ള 3 ഡി-അഡിക്ഷൻ സെന്ററുകൾ സജ്ജമാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.
- കുട്ടികൾ ക്കായുള്ള 3 **ഡി-അഡിക്ഷൻ സെന്ററുകൾ** ആരംഭിക്കുന്നതിനായി യോഗ്യരായ സന്നദ്ധ സംഘടനകളിൽ (NGOs/VOs/**സർക്കാർ ആശുപത്രി**കൾ/മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും താൽപ്പര്യപത്രം ക്ഷണിക്കുന്നു.
- കുട്ടികളിലെ ലഹരി ഉപയോഗം തടയുന്നതിനുള്ള സേവനങ്ങൾ ,കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതും, അവരവരുടെ വളർച്ചാ ഘട്ടങ്ങൾക്ക് അനുയോജ്യമായതും, ചികിത്സയും പുനരധിവാസവും ഉറപ്പാക്കുന്നതുമായിരിക്കണം

2. Scope of Work

- കുട്ടികൾക്കായി ഇൻപേഷ്യന്റ് (25 പേർക്ക് ഉൾപ്പെടെ) ഔട്ട്പേഷ്യന്റ് ചികിത്സാ സൗകര്യങ്ങൾ സജ്ജമാക്കുക.
- ലഹരിക്ക് അടിമപ്പെട്ട കുട്ടികൾക്ക് ആവശ്യമായ ചികിത്സ, കൗൺസിലിംഗ്, ആഫ്റ്റർ കെയർ, ഡിറ്റോക്സിഫിക്കേഷൻ പിന്തുണ എന്നിവ ലഭ്യമാക്കി അവരെ സാധാരണ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരിക.
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ആവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടിയ പ്രത്യേക സംവിധാനങ്ങൾ ഉറപ്പാക്കുക.
- തിരിച്ചറിയൽ, റെഫറൽ, പ്രവേശനം മുതൽ ക്ലിനിക്കൽ വിലയിരുത്തൽ, കുട്ടികളുടെ സംരക്ഷണം, മാനസിക സാമൂഹിക പുനരധിവാസം, വിദ്യാഭ്യാസ പിന്തുണ, ഡിസ്ചാർജ് പ്ലാനിംഗ്, ആഫ്റ്റർ കെയർ, റിലാപ്സ് തടയൽ വരെയുള്ള കാര്യങ്ങൾ നടപ്പിലാക്കുക.

3. അപേക്ഷിക്കാവുന്ന സ്ഥാപനങ്ങൾ /സ്ഥാപനത്തിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ

- **എൻ.ജി.ഒ-കളും സന്നദ്ധ സംഘടനകളും:** മുൻകാലങ്ങളിൽ കേന്ദ്ര പദ്ധതിയായ നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ് ഡിമാൻഡ് റിഡക്ഷൻ (NAPDDR) പ്രകാരമോ അല്ലാതെയോ കുട്ടികളുടെ/മുതിർന്നവരുടെ ഡി-അഡിക്ഷൻ സെന്ററുകൾ നടത്തി പരിചയസമ്പന്നരായ യോഗ്യരായ എൻ.ജി.ഒ-കൾക്ക് അപേക്ഷിയ്ക്കാവുന്നതാണ്.

4. അപേക്ഷിക്കാവുന്ന സ്ഥാപനങ്ങൾ /സ്ഥാപനത്തിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ

സന്നദ്ധ സംഘടനയ്ക്ക് താഴെ പറയുന്ന യോഗ്യതകൾ ഉണ്ടായിരിയ്ക്കണം

- ലഹരി വിമുക്ത ചികിത്സാ സേവനങ്ങൾ നൽകുന്നതിൽ കുറഞ്ഞത് രണ്ട് (3) വർഷത്തെ പരിചയവും കേരളത്തിൽ സാധാരണയായി പ്രവർത്തിക്കുന്നതുമായിരിക്കണം.
- സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് / ട്രസ്റ്റ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും മെമ്മോറാണ്ടം ഓഫ് അസോസിയേഷനും (MoA).
- സ്ഥിര അക്കൌണ്ട് നമ്പർ(പാൻ:)
- എഫ്.സി.ആർ.എ(FCRA) രജിസ്ട്രേഷൻ (ബാധകമായ സാഹചര്യങ്ങളിൽ)
- ഏതെങ്കിലും സർക്കാർ വകുപ്പോ സ്ഥാപനമോ കരിമ്പട്ടികയിൽ (Blacklist) ഉൾപ്പെടുത്തിയിട്ടില്ലാത്തത്.
- താഴെ പറയുന്ന മേഖലയിൽ പ്രവർത്തി പരിചയം

  - ശിശു സംരക്ഷണവും ശിശു പരിപാലനവും
  - മാനസികാരോഗ്യ സേവനങ്ങൾ
  - ലഹരി വിമുക്തി/ഡീ അഡിക്ഷൻ സേവനങ്ങൾ
  - ജുവനൈൽ ജസ്റ്റീസ്
  - റെസിഡെൻഷ്യൽ കെയർ

5. അടിസ്ഥാന സൗകര്യങ്ങൾ (25 പേർക്കായുള്ളത്)

- സമഗ്രമായ പുനരധിവാസവും ആഫ്റ്റർ കെയർ സേവനങ്ങളും ഉറപ്പാക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുള്ള, യോഗ്യരായ എൻ ജി ഒ കൾ ആയിരിയ്ക്കണം അപേക്ഷിയ്ക്കേണ്ടത്.
- പെൺകുട്ടികളുടെ വിഭാഗത്തിൽ വനിത ജീവനക്കാരെ മാത്രമേ നിയോഗിയ്ക്കാവു. നിയമിയ്ക്കപ്പെടുന്ന വനിതാ ജീവനക്കാർ പ്രോജക്ടിൽ നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതകളും പ്രവൃത്തി പരിചയവും ഉള്ളവരായിരിയ്ക്കണം.
- പൊതുഗതാഗത സൗകര്യമുള്ളതും കുട്ടികൾക്ക് സുരക്ഷിതമായി എത്തിച്ചേരാവുന്നതുമായ സ്ഥലം.
- 25-ഓളം കുട്ടികൾക്ക് ഒരേ സമയം താമസിക്കുന്നതിനാവശ്യമായ രീതിയിലുള്ള കെട്ടിടമായിരിയ്ക്കണം.
- സ്ഥാപനങ്ങളിൽ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ട്രാൻസ്ജെൻഡർ കുട്ടികൾക്കും എല്ലാ സാകര്യങ്ങളോടും കൂടിയിട്ടുള്ള പ്രത്യേക സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.
- കുട്ടികൾക്ക് അനുയോജ്യമായ വായുസഞ്ചാരവും ശുചിത്വവുമുള്ളതും, 24 മണിക്കൂറും വെള്ളവും വൈദ്യുതിയും മറ്റ് എല്ലാ സൌകര്യങ്ങളും ഉള്ള കെട്ടിടം ആയിരിയ്ക്കണം.
- കുട്ടികളുടെ സുരക്ഷയ്ക്കായുള്ള സമഗ്രമായ മുൻകരുതലുകൾ, സ്വകാര്യത പരാതി പരിഹാര സംവിധാനങ്ങൾ എന്നിവ ഉണ്ടായിരിക്കണം.

കെട്ടിടത്തിൽ ചുവടെ പറയുന്ന സൌകര്യങ്ങൾ സജ്ജമാക്കണം

- ഡോക്ടറുടെ കൺസൾട്ടേഷൻ മുറി (Consultation Room).
- ഐസൊലേഷൻ മുറി (Isolation Room).

- ഡിറ്റോക്സിഫിക്കേഷൻ വാർഡ് (Detoxification Ward).
- ശബ്ദനിയന്ത്രിത കൗൺസിലിംഗ് മുറികൾ (Sound-proof Counselling Rooms).
- മെഡിക്കൽ യൂണിറ്റ്.
- ഭക്ഷണശാല (Dining Hall).
- അടുക്കള (Kitchen).
- നൈപുണ്യ വികസന ലബോറട്ടറി (Skill Lab).
- ക്ലാസ്സ് മുറി (Classroom).
- കളിക്കളം (Play Area).
- പൂന്തോട്ടം (Garden).
- യോഗ ഹാൾ (Yoga Hall).
- സന്ദർശകർക്കുള്ള മുറി (Visitors' Room).
- ഭരണവിഭാഗം ഓഫീസ് (Administrative Block).
- ഡോർമിട്ടറി സൗകര്യമുള്ള താമസ സൗകര്യം: ഓരോ മുറിയിലും 4-6 കിടക്കകൾ, ഓരോ കുട്ടിക്കും 40-50 ചതുരശ്ര അടി വിസ്തീർണ്ണം, വേണ്ടത്രയധികം കിടക്കകളും വ്യക്തിഗത അലമാരകളും (Cupboards) ഉണ്ടായിരിക്കണം.
- ലൈബ്രറി സൗകര്യം
- എല്ലാ സ്ഥലങ്ങളിലും CCTV ക്യാമറകൾ സ്ഥാപിച്ചിരിക്കണം.
- റെക്കോർഡ് റൂം (Record Room).
- വോക്കേഷണൽ പരിശീലന സംവിധാനങ്ങൾ

6. വകുപ്പുകളുടെ ഏകോപനം

ആരോഗ്യം, സാമൂഹ്യനീതി, വനിതാ-ശിശു വികസനം, വിദ്യാഭ്യാസം, ,എക്സൈസ്/വിമുക്തി മിഷൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ (CWC), ജില്ലാ ചൈൽഡ് പ്രൊഡക്ഷൻ യൂണിറ്റുകൾ തുടങ്ങി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനം ഇതിനായി ഉറപ്പാക്കേണ്ടതാണ്.

7. സാമ്പത്തിക മാനദണ്ഡങ്ങളും ബജറ്റും

a. സ്ഥാപനത്തിന്റെ നടത്തിപ്പിനായി റെക്കറിംഗ് ആന്റ് നോൺ-റെക്കറിംഗ് ചെലവുകൾക്കായി അനുവദിയ്ക്കുന്ന തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

b. പദ്ധതി പ്രകാരം നിശ്ചയിച്ചിട്ടുള്ള യോഗ്യത മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിയ്ക്കുന്ന ഉദ്യോഗാർത്ഥികളെ മാത്രമേ അതത് തസ്തികകളിൽ നിയമിയ്ക്കാവു. പ്രോജക്ട് മാനദണ്ഡങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വേതന വ്യവസ്ഥകൾക്കു വിധേയമായിട്ടായിരിയ്ക്കണം ജീവനക്കാരുടെ നിയമനം നടത്തേണ്ടത്.

c. പ്രവേശനം, ചികിത്സാ ഘടകം, ഡിറ്റോക്സിഫിക്കേഷൻ, ചികിത്സാതര പുനരധിവാസം, വിദ്യാഭ്യാസം, കുടുംബ പുനസംയോജനം, തുടർപരിചരണം, ജീവനക്കാരുടെ പ്രവർത്തനം, സർക്കാർ ഗ്രാന്റ്, നിരീക്ഷണ ഘടന, എൻ ജി ഒ ഉത്തരവാദിത്വങ്ങൾ തുടങ്ങിയവ സംബന്ധിച്ച് കൃത്യമായ sop തയ്യാറാക്കുന്നതും ആയത് പ്രകാരമായിരിയ്ക്കും സംസ്ഥാന പ്രസ്തുത ഡീ അഡിക്ഷൻ സെന്ററുകൾ പ്രവർത്തിയ്ക്കുന്നതും.

8. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

a. സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് / ട്രസ്റ്റ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും

മെമ്മോറാണ്ടം ഓഫ് അസോസിയേഷനും (MoA).

b. അവസാനത്തെ രണ്ട് (3) വർഷത്തെ ഓഡിറ്റ് ചെയ്ത അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളും ബാലൻസ് ഷീറ്റും.
c. ഡി-അഡിക്ഷൻ/പുനരധിവാസ രംഗത്തെ മുൻകാല പരിചയം വ്യക്തമാക്കുന്ന കഴിഞ്ഞ രണ്ട് വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.
d. നിലവിലുള്ള സൗകര്യങ്ങളുടെയോ നിർദ്ദിഷ്ട കെട്ടിടത്തിന്റെയോ ലേഔട്ടും സ്ഥലത്തിന്റെ ലഭ്യത സംബന്ധിച്ച വിവരങ്ങളും.
e. ഭരണസമിതി അംഗങ്ങളുടെയും സാങ്കേതിക ജീവനക്കാരുടെയും പട്ടിക.
f. കറുത്ത പട്ടികയിൽ (Blacklist) ഉൾപ്പെട്ടിട്ടില്ലെന്നും മാനദണ്ഡങ്ങൾ പാലിക്കുമെന്നും ഉള്ള സത്യപ്രസ്താവന/അണ്ടർടേക്കിങ്.

9.തെരഞ്ഞെടുപ്പ് രീതിയും നടപടിക്രമങ്ങളും

- നിർദ്ദിഷ്ട തീയതിക്ക് മുൻപ് ലഭിക്കുന്ന താൽപ്പര്യപത്രങ്ങൾ സാമൂഹ്യനീതി വകുപ്പ് പരിശോധിക്കുന്നതാണ്.
- സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള മുൻഗണനാക്രമം (സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, വാടകയില്ലാത്ത കെട്ടിടം ലഭ്യമാക്കുന്ന എൻ.ജി.ഒ-കൾ തുടങ്ങിയവ) തെരഞ്ഞെടുപ്പിൽ കർശനമായി പാലിക്കുന്നതാണ്.
- സ്ഥാപനത്തിന്റെ മുൻകാല പരിചയം, ഓഡിറ്റ് ചെയ്ത കണക്കുകൾ, ജീവനക്കാരുടെ യോഗ്യത, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വിദഗ്ധ സമിതി പരിശോധിച്ച് വിലയിരുത്തും.

10. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും പ്രധാന നിർദ്ദേശങ്ങളും

- **അവസാന തീയതി: 2026 നവംബർ 20, വൈകുന്നേരം 5:00 മണിക്ക് മുൻപ്.**
- **അയക്കേണ്ട വിലാസം:** ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്, അഞ്ചാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 695033 ("EoI - De-Addiction Centre for Children" എന്ന് കവറിനു മുകളിൽ എഴുതി മുദ്രവെച്ച കവറിൽ നൽകേണ്ടതാണ്).
- **കൂടുതൽ വിവരങ്ങൾക്ക്:** ഇമെയിൽ: swdkerala@gmail.com, ഫോൺ: 0471-2306040.

Dr ARUN S NAIR IAS

അനുബന്ധം

ഡി-അഡിക്ഷൻ സെന്റർ: ജീവനക്കാരുടെ വേതനവും മറ്റ് ചെലവുകളും

ക്ര.നമ്പർ	ചെലവിന്റെ ഇനം / തസ്തിക	യൂണിറ്റുകളുടെ എണ്ണം	പ്രതിമാസ യൂണിറ്റ് ചെലവ് (രൂപയിൽ)	യോഗ്യത / മാനദണ്ഡങ്ങൾ
I	ജീവനക്കാരുടെ വേതനം (Human Resources)			
1	പ്രോജക്ട് കോർഡിനേറ്റർ / പ്രൊജക്ട് മാനേജർ	1	31,020/-	സോഷ്യൽ വർക്ക് ബിരുദാനന്തര ബിരുദം. കുറഞ്ഞത് 5 വർഷത്തെ പരിചയം.
2	സോഷ്യൽ വർക്കർ / സൈക്കോളജിസ്റ്റ്	1	29,535/-	സോഷ്യൽ വർക്ക് ബിരുദാനന്തര ബിരുദം. കുറഞ്ഞത് 3 വർഷത്തെ പരിചയം.
3	ഡോക്ടർ(പാർട്ട് ടൈം) (Minimum Qualification MBBS) /വിസിറ്റിംഗ് പീഡിയാട്രീഷ്യൻ (MD, Paediatrics) (Part-time, MBBS)	1	2,000/- (പെർ സിറ്റിംഗ്)	ഓൺ കോൾ സർവീസ് (മാവധി 10 സിറ്റിംഗ്സ്).
4	ഹെൽത്ത് അറ്റൻഡർ / വാർഡ് ബോയ്	2	20,280/- (2 പേർക്ക്)	GNM/BSc നഴ്സിംഗ് യോഗ്യത വേണം. സർക്കാർ/സ്വകാര്യ മേഖലയിൽ പരിശീലനം പൂർത്തിയാക്കണം.
5	നഴ്സ്	1	27,040/-	-
6	ലൈഫ് സ്കിൽ ട്രെയിനർ & വൊക്കേഷണൽ സ്കിൽ ട്രെയിനർ	1	25,000/-	10-ാം ക്ലാസ് വിദ്യാഭ്യാസം. സ്ഥാപന സേവന മേഖലയിൽ കുറഞ്ഞത് 2 വർഷത്തെ പരിചയം.
7	മൾട്ടിടാസ്ക് സ്റ്റാഫ്	1	20,280/-	ആവശ്യാനുസരണം on-call ആയി നടത്താവുന്നതാണ്.
8	യോഗ, ആർട്ട്, മ്യൂസിക്, ഡാൻസ് തെറാപ്പിസ്റ്റുകൾ	On-call	500 / മണിക്കൂർ	കോൾ ആയി നടത്താവുന്നതാണ്.
9	അക്കൗണ്ടന്റ്	1	23,360/-	ബിരുദം. അക്കൗണ്ടിംഗ് മേഖലയിൽ കുറഞ്ഞത് 2 വർഷത്തെ പ്രവർത്തന

				പരിചയം.
10	സെക്യൂരിറ്റി ഗാർഡ്	1	20,280/-	എട്ടാം ക്ലാസ് വിദ്യാഭ്യാസം.
11	സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ / മറ്റ് പ്രൊഫഷണലുകൾ	On-call	2,000/-	പരമാവധി 18 സിറ്റിംഗ്സ്. പാചകത്തിൽ പ്രാവീണ്യം, കുറഞ്ഞത് 2 വർഷത്തെ പരിചയം.
II	**മറ്റ് ആവർത്തന & അനുബന്ധ ചെലവുകൾ (Other & Recurring Expenses)**			
12	ഭക്ഷണം (Food)	25 കുട്ടികൾ	(3000 x 25)	കുട്ടികൾക്കുള്ള ഭക്ഷണ ചെലവ്.
13	Medicines and Detoxification Support		25000/-	മരുന്നുകളും ഡിറ്റോക്സിഫിക്കേഷൻ പിന്തുണയും.
14	ഓഫീസ് ചെലവുകൾ (Office Expenses, Conveyance, POL, CWC transport, Phone, Internet, After Care etc.)		50,000/-	യാത്രാപ്പടി, ഇന്റർനെറ്റ്, ആഫ്റ്റർ കെയർ ഓഫീസ് അനുബന്ധ ചെലവുകൾ.
15	കെട്ടിട വാടക (ഡി അഡിക്ഷൻ കെയർ & ആഫ്റ്റർ കെയർ വിംഗ്)	മാസം	50,000/-	കെട്ടിട വാടകയിനം.
III	**Skills & One-time Expenditure**			
16	വൊക്കേഷണൽ സ്കിൽ ഡെവലപ്മെന്റ് ആന്റ് കപ്പാസിറ്റി ബിൽഡിംഗ്സ്	Lump sum	5,00,000/-	നൈപുണ്യ വികസന പരിശീലനങ്ങൾ.
17	ഓഫീസ് & ലൈബ്രറി ഉപകരണങ്ങൾക്കായുള്ള ഒറ്റത്തവണ ചെലവ് (Furniture, Computer, Games, TV, Books, Shelves, AV equipment)	1 തവണ	2,00,000/-	ഒറ്റത്തവണയുള്ള അടിസ്ഥാന സൗകര്യ ചെലവുകൾ.

സാമൂഹ്യനീതി വകുപ്പ്, കേരള സർക്കാർ

കുട്ടികൾക്കായുള്ള ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള താൽപ്പര്യപത്രം (EOI) - അപേക്ഷാ ഫോറം

(പൂരിപ്പിച്ച അപേക്ഷാ ഫോറത്തോടൊപ്പം ആവശ്യമായ അനുബന്ധ രേഖകൾഉള്ളടക്കം ചെയ്യേണ്ടതാണ്)

1. സ്ഥാപനത്തിന്റെ അടിസ്ഥാന വിവരങ്ങൾ (Basic Details of the Institution)

ക്രമ നമ്പർ	**വിവരം**	**വിശദാംശങ്ങൾ**
1.1	സ്ഥാപനത്തിന്റെ പേര് (Name of the Organization)	
1.2	സ്ഥാപനത്തിന്റെ തരം (Category of Institution)	സർക്കാർ ആജ്ഞാപത്രി / സ്ഥാപനം ഗവ. സഹായത്തോടെ പ്രവർത്തിക്കുന്ന IRCA എൻ.ജി.ഒ (NGO) / സന്നദ്ധ സംഘടന
1.3	പൂർണ്ണ മേൽവിലാസം Complete Address with Pin Code)	
1.4	ഫോൺ നമ്പർ & മൊബൈൽ നമ്പർ	
1.5	ഇ-മെയിൽ ഐഡി (E-mail ID)	
1.6	വെബ്സൈറ്റ് (ഉണ്ടെങ്കിൽ)	
1.7	രജിസ്ട്രേഷൻ വിവരങ്ങൾ (Registration Details)	രജിസ്ട്രേഷൻ നമ്പർ: രജിസ്റ്റർ ചെയ്ത തീയതി: രജിസ്ട്രേഷൻ ആക്ട് (Societies Act/Trust Act/Others):
1.8	NITI Aayog Darpan ID (NGOs ആണെങ്കിൽ)	
1.9	പ്രധാന ഭാരവാഹിയുടെ/ചുമതലയുള്ള വ്യക്തിയുടെ പേരും തസ്തികയും	

2. മുൻപരിചയവും പ്രവർത്തന മേഖലയും (Experience Details)

ക്രമ നമ്പർ	**വിവരം**	**വിശദാംശങ്ങൾ**
2.1	ലഹരിവിമുക്ത സേവന മേഖലയിലെ പ്രവർത്തിപരിചയം (വർഷങ്ങളിൽ)	
	നിലവിൽ നടത്തുന്ന ഡി-അഡിക്ഷൻ/പുനരധിവാസ	

2.2	കേന്ദ്രങ്ങളുടെ വിവരങ്ങൾ	
2.3	കഴിഞ്ഞ 2 വർഷത്തിനിടയിൽ സേവനം നൽകിയ വ്യക്തികളുടെ/കുട്ടികളുടെ എണ്ണം	2024-25: 2025-26:
2.4	പെൺകുട്ടികൾക്കും ട്രാൻസ്ജെൻഡർ കുട്ടികൾക്കും പ്രത്യേക സേവനം നൽകിയ പരിചയമുണ്ടോ?	ഉണ്ട് ഇല്ല *(ഉണ്ടെങ്കിൽ ചുരുക്കത്തിൽ വിവരിക്കുക)*:

3. അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ (Infrastructure Details)

ക്രമ നമ്പർ	**വിവരം**	**വിശദാംശങ്ങൾ**
3.1	സെന്റർ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലവും ജില്ലയും	
3.2	കെട്ടിടത്തിന്റെ ഉടമസ്ഥത (Ownership of Building)	[ ] സർക്കാർ നൽകുന്ന വാടകയില്ലാത്ത കെട്ടിടം [ ] എൻ.ജി.ഒ സ്വന്തമായി നൽകുന്ന വാടകയില്ലാത്ത കെട്ടിടം [ ] വാടകക്കെട്ടിടം
3.3	കെട്ടിടത്തിന്റെ വിസ്തീർണ്ണം & സൗകര്യങ്ങൾ (25 കുട്ടികൾക്ക് കിടത്തി ചികിത്സ നൽകാനുള്ള സൗകര്യമുണ്ടോ?)	വിസ്തീർണ്ണം - ഉണ്ട് ഇല്ല
3.4	ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ട്രാൻസ്ജെൻഡർ കുട്ടികൾക്കും വെവ്വേറെ താമസസൗകര്യമുണ്ടോ?	ഉണ്ട് ഇല്ല
3.5	നിർദേശിക്കുന്ന എല്ലാ അടിസ്ഥാന സൌകര്യങ്ങളും സുരക്ഷാ സംവിധാനങ്ങളും ലഭ്യമാണോ?	ഉണ്ട് ഇല്ല
3.6	പൊതുഗതാഗത സൗകര്യം ലഭ്യമായ സ്ഥലമാണോ?	ഉണ്ട് ഇല്ല

4. ധനകാര്യ വിവരങ്ങൾ (Financial Details)

ക്രമ നമ്പർ	**വിവരം**	**വിശദാംശങ്ങൾ**
4.1	PAN നമ്പർ	

4.2	ബാങ്ക് അക്കൗണ്ട് വിവരങ്ങൾ	ബാങ്കിന്റെ പേര്: ശാഖ: അക്കൗണ്ട് നമ്പർ: IFSC കോഡ്:
4.3	കഴിഞ്ഞ 2 വർഷത്തെ വാർഷിക വിറ്റഴവ് / സാമ്പത്തിക വിഹിതം (Annual Turnover)	2024-25: ₹ 2025-26: ₹

5. സമർപ്പിക്കേണ്ട പരിശോധനാ പട്ടിക (Checklist of Enclosures)

അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക

സൊസൈറ്റീസ് രജിസ്ട്രേഷൻ / ട്രസ്റ്റ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും മെമ്മോറാണ്ടം ഓഫ് അസോസിയേഷനും (MoA).

കഴിഞ്ഞ 2 വർഷത്തെ ഓഡിറ്റ് ചെയ്ത അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളും ബാലൻസ് ഷീറ്റും (2024-25, 2025-26).

കഴിഞ്ഞ 2 വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ (Annual Activity Reports).

കെട്ടിടത്തിന്റെ ലേഔട്ട് പ്ലാനും സ്ഥല ലഭ്യത സംബന്ധിച്ച രേഖകളും. ഭരണസമിതി അംഗങ്ങളുടെയും സാങ്കേതിക/പ്രൊഫഷണൽ ജീവനക്കാരുടെയും പട്ടിക.

കരിമ്പട്ടികയിൽ (Blacklist) ഉൾപ്പെട്ടിട്ടില്ലെന്ന സത്യപ്രസ്താവന (Declaration Form).

സത്യപ്രസ്താവന (Declaration)

ഞങ്ങൾ സമർപ്പിച്ച മുകളിൽ പറഞ്ഞ എല്ലാ വിവരങ്ങളും പൂർണ്ണമായും സത്യവും ശരിയുമാണെന്ന് ഉറപ്പുനൽകുന്നു. സാമൂഹ്യനീതി വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള EOI മാനദണ്ഡങ്ങളും, ജുവനൈൽ ജസ്റ്റിസ് ആക്ട് 2015, POCSO, NDPS തുടങ്ങിയ നിയമപരമായ എല്ലാ ചട്ടങ്ങളും പൂർണ്ണമായി പാലിച്ചുകൊണ്ട് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഞങ്ങളുടെ സ്ഥാപനം സന്നദ്ധമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

തിയ്യതി പേര്

സ്ഥലം ഒപ്പ്

സ്ഥലം:

തീയതി:

(സ്ഥാപനത്തിന്റെ പേര്, മുദ്ര, അധികാരപ്പെടുത്തിയ വ്യക്തിയുടെ ഒപ്പ്)